# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് ഏഴ്

## ജീവന്റെ അപ്പം

RM *Hymns*: ML190, ML44

തിരുവെഴുത്ത് വായന: യോഹ. 6:22-71

യോഹ. 6:22 പിറ്റെന്നാൾ, കടലിന്റെ മറുകരയിൽ നിന്നിരുന്ന പുരുഷാരം, ഒന്നൊഴികെ മറ്റു ചെറുപടകുകൾ അവിടെ ഇല്ലായിരുന്നു എന്നും, യേശു തന്റെ ശിഷ്യന്മാരോടുകൂടെ പടകിലേക്കു കയറിയില്ലെന്നും, അവന്റെ ശിഷ്യന്മാരത്രേ തനിയേ പോയതെന്നും കണ്ടു.

യോഹ. 6:23 എന്നാൽ കർത്താവ് സ്തോത്രം ചെയ്തശേഷം അവർ അപ്പം ഭക്ഷിച്ച സ്ഥലത്തിന് അരികെ തിബെര്യാസിൽനിന്ന് മറ്റു ചെറുപടകുകൾ വന്നു.

യോഹ. 6:24 അതുകൊണ്ട്, യേശുവും അവന്റെ ശിഷ്യന്മാരും അവിടെ ഇല്ല എന്നു പുരുഷാരം കണ്ടപ്പോൾ, അവരും ചെറുപടകുകളിൽ കയറി യേശുവിനെ അന്വേഷിച്ച് കഫർന്നഹൂമിലേക്കു വന്നു.

യോഹ. 6:25 അവർ അവനെ കടലിന്റെ മറുവശത്തു കണ്ടെത്തിയപ്പോൾ, അവനോട്, റബ്ബീ, നീ എപ്പോൾ ഇവിടെ എത്തി? എന്നു ചോദിച്ചു.

യോഹ. 6:26 യേശു അവരോട് ഉത്തരം പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ അടയാളങ്ങൾ കണ്ടതുകൊണ്ടല്ല എന്നെ അന്വേഷിക്കുന്നത്, നിങ്ങൾ അപ്പം ഭക്ഷിച്ചു നിറഞ്ഞതുകൊണ്ടത്രേ.

യോഹ. 6:27 നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ നിങ്ങൾ പ്രവർത്തിക്കുവിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്കു നൽകും; എന്തെന്നാൽ അവനെ പിതാവ്, ദൈവം തന്നെ, മുദ്രയിട്ടിരിക്കുന്നു.

യോഹ. 6:28 അപ്പോൾ അവർ അവനോട്, ദൈവത്തിന്റെ പ്രവൃത്തികളെ പ്രവർത്തിക്കേണ്ടതിന് ഞങ്ങൾ എന്തു ചെയ്യണം? എന്നു ചോദിച്ചു.

യോഹ. 6:29 യേശു അവരോട്, ദൈവത്തിന്റെ പ്രവൃത്തി എന്നതോ, അവൻ അയച്ചവനിലേക്കു നിങ്ങൾ വിശ്വസിക്കുന്നതുതന്നെ എന്ന് ഉത്തരം പറഞ്ഞു.

യോഹ. 6:30 അപ്പോൾ അവർ അവനോട്, ഞങ്ങൾ കണ്ടു നിന്നെ വിശ്വസിക്കേണ്ടതിന് നീ എന്തു അടയാളം ചെയ്യും? നീ എന്തു പ്രവൃത്തി ചെയ്യും?

യോഹ. 6:31 “അവർക്കു ഭക്ഷിക്കുവാൻ സ്വർഗത്തിൽനിന്ന് അവൻ അപ്പം നൽകി” എന്ന് എഴുതിയിരിക്കുന്നതുപോലെ, നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചു എന്നു പറഞ്ഞു.

യോഹ. 6:32 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മോശെ നിങ്ങൾക്കു സ്വർഗത്തിൽനിന്ന് അപ്പം നൽകിയിട്ടില്ല, എന്റെ പിതാവത്രേ സ്വർഗത്തിൽനിന്നുള്ള സത്യ അപ്പം നിങ്ങൾക്കു നൽകുന്നത്.

യോഹ. 6:33 ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്ന് ഇറങ്ങിവരുകയും ലോകത്തിനു ജീവൻ നൽകുകയും ചെയ്യുന്നവനാകുന്നു.

യോഹ. 6:34 അതുകൊണ്ട് അവർ അവനോട്, കർത്താവേ, ഞങ്ങൾക്ക് എപ്പോഴും ഈ

അപ്പം നൽകേണം എന്നു പറഞ്ഞു.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

യോഹ. 6:36 എന്നാൽ നിങ്ങളും എന്നെ കണ്ടിരിക്കുന്നു എന്നു ഞാൻ നിങ്ങളോട് പറഞ്ഞു, എന്നിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ല.

യോഹ. 6:37 പിതാവ് എനിക്കു നൽകുന്നതെല്ലാം എന്റെ അടുക്കൽ വരും, എന്റെ അടുക്കൽ വരുന്നവനെ, ഞാൻ ഒരുവിധത്തിലും തള്ളിക്കളയുകയില്ല.

യോഹ. 6:38 എന്തെന്നാൽ ഞാൻ എന്റെ ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ ചെയ്യുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത്.

യോഹ. 6:39 എന്നെ അയച്ചവന്റെ ഹിതമോ, അവൻ എനിക്കു നൽകിയിരിക്കുന്ന സകലത്തിലും ഒന്നും നഷ്ടമാക്കാതെ, അവസാന നാളിൽ അതിനെ ഉയിർപ്പിക്കണം എന്നാകുന്നു.

യോഹ. 6:40 എന്തെന്നാൽ എന്റെ പിതാവിന്റെ ഹിതം, പുത്രനെ നോക്കുകയും അവനിലേക്കു വിശ്വസിക്കുകയും ചെയ്യുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണം എന്നും, അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കണമെന്നും ആകുന്നു.

യോഹ. 6:41 അതുകൊണ്ട് സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഞാനാകുന്നു എന്ന് അവൻ പറഞ്ഞതു നിമിത്തം, യെഹൂദന്മാർ അവനെക്കുറിച്ച് പിറുപിറുത്തു.

യോഹ. 6:42 ഇത് യോസേഫിന്റെ പുത്രനായ യേശു അല്ലയോ, അവന്റെ അപ്പനെയും അമ്മയെയും നാം അറിയുന്നില്ലയോ? സ്വർഗത്തിൽനിന്ന് ഞാൻ ഇറങ്ങിവന്നിരിക്കുന്നു എന്ന് അവൻ ഇപ്പോൾ പറയുന്നതെങ്ങനെ? എന്ന് അവർ ചോദിച്ചു.

യോഹ. 6:43 യേശു അവരോട് ഉത്തരം പറഞ്ഞു, നിങ്ങളുടെ ഇടയിൽ പിറുപിറുക്കരുത്.

യോഹ. 6:44 എന്നെ അയച്ച പിതാവ് വലിച്ചിട്ടല്ലാതെ, ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയില്ല; അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും.

യോഹ. 6:45 "അവരെല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെടും" എന്ന് പ്രവാചകപുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. പിതാവിൽനിന്ന് കേൾക്കുകയും പഠിക്കുകയും ചെയ്ത ഏവനും എന്റെ അടുക്കൽ വരുന്നു.

യോഹ. 6:46 പിതാവിനെ ആരെങ്കിലും കണ്ടിട്ടുണ്ട് എന്നല്ല, ദൈവത്തിൽ നിന്നുള്ളവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളൂ.

യോഹ. 6:47 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്.

യോഹ. 6:48 ഞാൻ ജീവന്റെ അപ്പം ആകുന്നു.

യോഹ. 6:49 നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചെങ്കിലും, മരിച്ചു.

യോഹ. 6:50 ഇതിൽനിന്ന് ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേണ്ടതിന്, സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്ന അപ്പം ഇതാകുന്നു.

യോഹ. 6:51 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും; ഞാൻ നൽകുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി നൽകിയിരിക്കുന്ന എന്റെ മാംസമാകുന്നു.

യോഹ. 6:52 അപ്പോൾ യെഹൂദന്മാർ, നമുക്കു ഭക്ഷിക്കുവാൻ ഈ മനുഷ്യന് അവന്റെ മാംസം നൽകുവാൻ എങ്ങനെ കഴിയും? എന്നു പറഞ്ഞുകൊണ്ട് അന്യോന്യം

വാദിച്ചു.

യോഹ. 6:53 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനം ചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല.

യോഹ. 6:54 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും.

യോഹ. 6:55 എന്തെന്നാൽ എന്റെ മാംസം സത്യ ഭക്ഷണവും, എന്റെ രക്തം സത്യ പാനീയവും ആകുന്നു.

യോഹ. 6:56 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

യോഹ. 6:58 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു, പിതാക്കന്മാർ ഭക്ഷിക്കുകയും മരിക്കുകയും ചെയ്തതുപോലെയല്ല; ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.

യോഹ. 6:59 അവൻ കഫർന്നഹൂമിൽ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു സിനഗോഗിൽ വച്ച് ഈ കാര്യങ്ങൾ പറഞ്ഞു.

യോഹ. 6:60 അതുകൊണ്ട്, അവന്റെ ശിഷ്യന്മാരിൽ അനേകർ ഇതു കേട്ടപ്പോൾ, ഇത് കഠിനവാക്കാകുന്നു; ഇത് ആർക്കു കേൾക്കുവാൻ കഴിയും? എന്നു ചോദിച്ചു.

യോഹ. 6:61 എന്നാൽ യേശു, ഇതിനെക്കുറിച്ച് തന്റെ ശിഷ്യന്മാർ പിറുപിറുക്കുന്നു എന്നു തന്നിൽത്തന്നെ അറിഞ്ഞിട്ട്, അവരോടു ചോദിച്ചു, ഇതു നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ?

യോഹ. 6:62 അപ്പോൾ മനുഷ്യപുത്രൻ മുമ്പേ ആയിരുന്ന ഇടത്തേക്ക് ആരോഹണം ചെയ്യുന്നത് നിങ്ങൾ കണ്ടാലോ?

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

യോഹ. 6:64 എന്നാൽ വിശ്വസിക്കാത്ത ചിലർ നിങ്ങളുടെ ഇടയിലുണ്ട്. വിശ്വസിക്കാത്തവർ ആരെന്നും, അവനെ ഒറ്റിക്കൊടുക്കുന്നവൻ ആരെന്നും, ആരംഭം മുതൽ യേശു അറിഞ്ഞിരുന്നു.

യോഹ. 6:65 ഇക്കാരണത്താൽ ആകുന്നു, പിതാവിൽനിന്ന് നൽകിയിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴിയില്ല എന്നു ഞാൻ നിങ്ങളോട് പറഞ്ഞിരുന്നത് എന്നു പറഞ്ഞു.

യോഹ. 6:66 ആ സമയം മുതൽ അവന്റെ ശിഷ്യന്മാരിൽ അനേകർ, അവർ ഉപേക്ഷിച്ചു പോന്നതിലേക്കു മടങ്ങിപ്പോയി, പിന്നെ അവനോടുകൂടെ നടന്നതുമില്ല.

യോഹ. 6:67 അതുകൊണ്ട് യേശു പന്ത്രണ്ടുപേരോട്, നിങ്ങളും പോകുവാൻ ഇച്ഛിക്കുന്നുവോ? എന്നു ചോദിച്ചു.

യോഹ. 6:68 ശിമോൻ പത്രൊസ് അവന് ഉത്തരം നൽകി, കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിന്റെ പക്കൽ നിത്യജീവന്റെ വചനങ്ങൾ ഉണ്ട്,

യോഹ. 6:69 നീ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു.

യോഹ. 6:70 യേശു അവരോട്, നിങ്ങൾ പന്ത്രണ്ടുപേരെ ഞാനല്ലയോ തിരഞ്ഞെടുത്തത്? എങ്കിലും നിങ്ങളിൽ ഒരുവൻ പിശാച് ആകുന്നു.

യോഹ. 6:71 അവൻ സംസാരിച്ചതാകട്ടെ, ശിമോൻ ഈസ്കര്യോത്താവിന്റെ മകൻ, യൂദായെപ്പറ്റി ആയിരുന്നു, പന്ത്രണ്ടുപേരിൽ ഒരുവനായ അവൻ, അവനെ ഒറ്റിക്കൊടുക്കാനുള്ളവൻ ആയിരുന്നു.

**I. നാം യോഹന്നാൻ 6 ശ്രദ്ധാപൂർവം വായിക്കുന്നുവെങ്കിൽ, ഈ അധ്യായത്തെക്കുറിച്ച് നമുക്ക് ആഴത്തിലുള്ള ഒരു മതിപ്പുണ്ടായിരിക്കുകയും ഏഴ് നിർണായക കാര്യങ്ങളുടെ ക്രമത്തിന് ശ്രദ്ധ നൽകുകയും വേണം:**

John 6 be omitted.

A. കർത്താവ് ജീവന്റെ അപ്പമാകുന്നു—വാ. 35, 48.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

യോഹ. 6:48 ഞാൻ ജീവന്റെ അപ്പം ആകുന്നു.

B. നമുക്ക് ഭക്ഷിക്കുവാൻ കർത്താവ് തന്റെ ജീവന്റെ അപ്പം നൽകുന്നു—വാ. 51.

യോഹ. 6:51 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും; ഞാൻ നൽകുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി നൽകിയിരിക്കുന്ന എന്റെ മാംസമാകുന്നു.

C. നമുക്ക് കുടിക്കുവാൻ കർത്താവ് തന്റെ രക്തവും നമുക്ക് നൽകുന്നു—വാ. 53.

യോഹ. 6:53 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനം ചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല.

D. കർത്താവ് മരിക്കുക മാത്രമല്ല, ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു—വാ. 56.

യോഹ. 6:56 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

E. ക്രിസ്തു നമ്മിൽ ജീവിക്കുന്നതുകൊണ്ട്, അവന്മൂലം നാം ജീവിക്കുകയും ദൈവമുമ്പാകെ ജീവിക്കുകയും ചെയ്യുന്നു—വാ. 57.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

F. അവന്റെ ഭൗതിക മാംസമല്ല, അവന്റെ ആത്മാവ് നമുക്ക് ജീവനും ജീവസഹായവും നൽകുന്നു—വാ. 63.

യോഹ. 6:63a ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ...

G. കർത്താവ് സംസാരിച്ച വചനങ്ങളിൽ ആത്മാവുണ്ട്; അവന്റെ വചനങ്ങൾ ആത്മാവും ജീവനും ആകുന്നു—വാ. 63.

യോഹ. 6:63b ...ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

**II. കർത്താവായ യേശു സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങിവന്നതിന്റെ പ്രാഥമിക ഉദ്ദേശ്യം ഒരു കേന്ദ്രീയ കാര്യം നിവർത്തിക്കുക എന്നതായിരുന്നു—അത് നാം അവനെ ആത്മിക പോഷണമായി ഭക്ഷിക്കുകയും നമ്മുടെ സംരചനയായിത്തീരുവാൻ നാം അവനെ ദഹിപ്പിക്കുകയും ചെയ്യത്തക്കവണ്ണം**

**അവനെത്തന്നെ നമുക്ക് ഭക്ഷണമായി—ജീവന്റെ അപ്പമായി—നൽകുക എന്നതാണ്—വാ. 50-51.**

യോഹ. 6:50 ഇതിൽനിന്ന് ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേണ്ടതിന്, സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്ന അപ്പം ഇതാകുന്നു.

യോഹ. 6:51 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും; ഞാൻ നൽകുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി നൽകിയിരിക്കുന്ന എന്റെ മാംസമാകുന്നു.

**III. കർത്താവായ യേശു ജീവന്റെ അപ്പമാണെന്നതിനെക്കുറിച്ചുള്ള വിശദമായ ഒരു പ്രതിപാദനമാണ് യോഹന്നാന്റെ സുവിശേഷം ആറാം അധ്യായം; അവൻ പ്രഖ്യാപിച്ചു, "ഞാൻ ജീവന്റെ അപ്പം ആകുന്നു"—വാ. 48:**

A. നമ്മുടെ അനുഭവത്തിനും ആസ്വാദനത്തിനും ക്രിസ്തു ജീവന്റെ അപ്പമാണെന്ന് യോഹന്നാൻ 6-ലെ അനേകം വാക്യങ്ങൾ വെളിപ്പെടുത്തുന്നു—വാ. 27, 32-35, 47-58, 63, 68:

John 6 be omitted.

യോഹ. 6:27 നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ നിങ്ങൾ പ്രവർത്തിക്കുവിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്കു നൽകും; എന്തെന്നാൽ അവനെ പിതാവ്, ദൈവം തന്നെ, മുദ്രയിട്ടിരിക്കുന്നു.

യോഹ. 6:32 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മോശെ നിങ്ങൾക്കു സ്വർഗത്തിൽനിന്ന് അപ്പം നൽകിയിട്ടില്ല, എന്റെ പിതാവത്രേ സ്വർഗത്തിൽനിന്നുള്ള സത്യ അപ്പം നിങ്ങൾക്കു നൽകുന്നത്.

യോഹ. 6:33 ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്ന് ഇറങ്ങിവരുകയും ലോകത്തിനു ജീവൻ നൽകുകയും ചെയ്യുന്നവനാകുന്നു.

യോഹ. 6:34 അതുകൊണ്ട് അവർ അവനോട്, കർത്താവേ, ഞങ്ങൾക്ക് എപ്പോഴും ഈ അപ്പം നൽകേണം എന്നു പറഞ്ഞു.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

യോഹ. 6:47 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്.

യോഹ. 6:48 ഞാൻ ജീവന്റെ അപ്പം ആകുന്നു.

യോഹ. 6:49 നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചെങ്കിലും, മരിച്ചു.

യോഹ. 6:50 ഇതിൽനിന്ന് ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേണ്ടതിന്, സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്ന അപ്പം ഇതാകുന്നു.

യോഹ. 6:51 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും; ഞാൻ നൽകുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി നൽകിയിരിക്കുന്ന എന്റെ മാംസമാകുന്നു.

യോഹ. 6:52 അപ്പോൾ യെഹൂദന്മാർ, നമുക്കു ഭക്ഷിക്കുവാൻ ഈ മനുഷ്യന് അവന്റെ മാംസം നൽകുവാൻ എങ്ങനെ കഴിയും? എന്നു

പറഞ്ഞുകൊണ്ട് അന്യോന്യം വാദിച്ചു.

യോഹ. 6:53 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനം ചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല.

യോഹ. 6:54 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും.

യോഹ. 6:55 എന്തെന്നാൽ എന്റെ മാംസം സത്യ ഭക്ഷണവും, എന്റെ രക്തം സത്യ പാനീയവും ആകുന്നു.

യോഹ. 6:56 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

യോഹ. 6:58 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു, പിതാക്കന്മാർ ഭക്ഷിക്കുകയും മരിക്കുകയും ചെയ്തതുപോലെയല്ല; ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.

യോഹ. 6:63a ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല;...

യോഹ. 6:68b ... നിന്റെ പക്കൽ നിത്യജീവന്റെ വചനങ്ങൾ ഉണ്ട്,

1. യോഹന്നാൻ 6-ൽ മുഴുവനായുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം ക്രിസ്തു നമ്മുടെ ഭക്ഷണമായ ജീവന്റെ അപ്പമാകുന്നു എന്നതാണ്—വാ. 35, 48.

John 6 be omitted.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

യോഹ. 6:48 ഞാൻ ജീവന്റെ അപ്പം ആകുന്നു.

2. അവനെ ഭക്ഷിക്കുന്നത് ഒരിക്കലായുള്ള ഒരു കാര്യമല്ല; മറിച്ച്, അവൻ ഭക്ഷ്യയോഗ്യനായതുകൊണ്ട് ദിവസവും നാം കർത്താവിനെ ബന്ധപ്പെടുകയും അവനെ ഭക്ഷിക്കുകയും വേണം—വാ. 50.

യോഹ. 6:50 ഇതിൽനിന്ന് ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേണ്ടതിന്, സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്ന അപ്പം ഇതാകുന്നു.

3. അവനെ ഭക്ഷിക്കുന്നതിനും, അവനെ സ്വീകരിക്കുന്നതിനും, അവനെ ദഹിപ്പിക്കുന്നതിനും, അവനെ അനുഭവിക്കുന്നതിനും, അവനെ ആസ്വദിക്കുന്നതിനും, അവനെ നിമിഷംതോറും പ്രയോഗിക്കുന്നതിനും നാം നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യണം—വാ. 56-57.

യോഹ. 6:56 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

4. നാമെല്ലാവരും ഒരു കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം—ക്രിസ്തുവിനെ ഭക്ഷിക്കുന്നതിനും തുടർന്ന് നാം അവനിൽനിന്ന് എന്ത് ഭക്ഷിച്ചുവോ അതിനാൽ ജീവിക്കുന്നതിനും—വാ. 54.

   യോഹ. 6:54 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും.

B. "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ നിങ്ങൾ പ്രവർത്തിക്കുവിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്ക് നൽകും"—വാ. 27:

1. നിത്യജീവൻ ദിവ്യജീവനാണ്, ദൈവത്തിന്റെ സൃഷ്ടിക്കപ്പെടാത്ത ജീവനാണ്; അത് കാലത്തോടുള്ള ബന്ധത്തിൽ എന്നേക്കും നിലനിൽക്കുന്നതാണെന്നു മാത്രമല്ല, പ്രകൃതത്തിൽ നിത്യവും ദിവ്യവുമാണ്—3:15.

   യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

2. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിന് നമുക്ക് സഹായം നൽകുവാനും നമ്മെ നിത്യജീവനിലേക്ക് കൊണ്ടുവരാനും കഴിയും—6:27.

   യോഹ. 6:27 നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിത്തന്നെ നിങ്ങൾ പ്രവർത്തിക്കുവിൻ, അത് മനുഷ്യപുത്രൻ നിങ്ങൾക്കു നൽകും; എന്തെന്നാൽ അവനെ പിതാവ്, ദൈവം തന്നെ, മുദ്രയിട്ടിരിക്കുന്നു.

C. “എന്റെ പിതാവത്രേ സ്വർഗത്തിൽനിന്നുള്ള സത്യ അപ്പം നിങ്ങൾക്ക് നൽകുന്നത്. ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്ന് ഇറങ്ങിവരുകയും ലോകത്തിന് ജീവൻ നൽകുകയും ചെയ്യുന്നവനാകുന്നു”—വാ. 32-33:

1. ആത്മിക കാര്യങ്ങൾ മാത്രമാണ് യഥാർഥ്യം; “ആത്മാവ് യാഥാർഥ്യമല്ലോ”—1 യോഹ. 5:6.
2. സത്യ അപ്പം എന്ന നിലയിൽ, ക്രിസ്തു സത്യത്തിന്റെ, യാഥാർഥ്യത്തിന്റെ അപ്പമാണ്; ക്രിസ്തു സത്യമാണ്, യഥാർഥമാണ്.
3. നമുക്ക് നിത്യജീവൻ കൊണ്ടുവരാൻ ദൈവത്താൽ അയയ്ക്കപ്പെട്ട ജീവന്റെ യഥാർഥ അപ്പമായി ക്രിസ്തുവിനെ നമുക്ക് ആവശ്യമുണ്ടെന്ന വസ്തുതയാൽ നാമെല്ലാവരും ആഴത്തിൽ മതിപ്പുള്ളവരായിരിക്കണം.
4. യോഹന്നാൻ 6:33-ലെ "ദൈവത്തിന്റെ അപ്പം" വാക്യം 32-ലെ "സത്യ അപ്പം" ആണ്.

   യോഹ. 6:33 ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്ന് ഇറങ്ങിവരുകയും ലോകത്തിനു ജീവൻ നൽകുകയും ചെയ്യുന്നവനാകുന്നു.

   യോഹ. 6:32 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മോശെ നിങ്ങൾക്കു സ്വർഗത്തിൽനിന്ന് അപ്പം നൽകിയിട്ടില്ല, എന്റെ പിതാവത്രേ സ്വർഗത്തിൽനിന്നുള്ള സത്യ അപ്പം നിങ്ങൾക്കു നൽകുന്നത്.

5. സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം എന്ന നിലയിൽ ക്രിസ്തു സ്വർഗീയ അപ്പമാണ്, ദൈവത്തിന്റെ അപ്പം എന്ന നിലയിൽ, അവൻ ദൈവത്തിൽനിന്നുള്ളവനും, അവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനും, അവൻ ദൈവത്തോടുകൂടെ ഉണ്ടായിരുന്നവനുമാണ്—വാ. 33.

   യോഹ. 6:33 ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്ന് ഇറങ്ങിവരുകയും ലോകത്തിനു ജീവൻ നൽകുകയും ചെയ്യുന്നവനാകുന്നു.

6. നാം ഈ അപ്പം ഭക്ഷിക്കുകയും ദഹിപ്പിക്കുകയും ചെയ്യുമ്പോൾ, അത് നമ്മുടെ സംരചനയായിത്തീരുകയും, നാം കർത്താവുമായി ഒന്നായി ചേർക്കപ്പെടുകയും ഇഴുകിച്ചേരുകയും ചെയ്യുന്നു—1 കൊരി. 6:17.

   1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

7. സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും—യോഹ. 6:50-51a.

   യോഹ. 6:50 ഇതിൽനിന്ന് ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കേണ്ടതിന്, സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുന്ന അപ്പം ഇതാകുന്നു.

   യോഹ. 6:51a സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.; ...

D. വാക്യം 51-ൽ കർത്താവായ യേശു പറഞ്ഞു, "ഞാൻ നൽകുന്ന അപ്പമോ ലോകത്തിന്റെ ജീവനുവേണ്ടി നൽകിയിരിക്കുന്ന എന്റെ മാംസമാകുന്നു":

1. ഈ ഘട്ടത്തിൽ അപ്പം മാംസമായിത്തീരുന്നു.
2. നമുക്ക് ജീവൻ ഉണ്ടായിരിക്കേണ്ടതിന് നമുക്കുവേണ്ടി മരിച്ചുകൊണ്ട് കർത്താവ് തന്റെ ശരീരം, അതായത്, തന്റെ മാംസം, നൽകി.

E. "സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനംചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല"—വാ. 53:

1. രക്തത്തിന്റെയും മാംസത്തിന്റെയും വേർപിരിയൽ മരണത്തെ സൂചിപ്പിക്കുന്നു.
2. ഇവിടെ കർത്താവ് തന്റെ മരണത്തെ, അതായത് അവൻ അറുക്കപ്പെടുന്നതിനെ, വ്യക്തമായി സൂചിപ്പിച്ചു.
3. നമുക്ക് നിത്യജീവൻ ഉണ്ടായിരിക്കേണ്ടതിന് നമുക്കുവേണ്ടി അവൻ തന്റെ ശരീരം നൽകുകയും തന്റെ രക്തം ചൊരിയുകയും ചെയ്തു.
   a. അവന്റെ മാംസം ഭക്ഷിക്കുന്നത് നമുക്കുവേണ്ടി അവന്റെ ശരീരം നൽകുന്നതിൽ അവൻ ചെയ്തതെല്ലാം വിശ്വാസത്താൽ സ്വീകരിക്കുന്നതാണ്.
   b. അവന്റെ രക്തം കുടിക്കുന്നത് നമുക്കുവേണ്ടി തന്റെ രക്തം ചൊരിയുന്നതിൽ അവൻ നിവർത്തിച്ചതെല്ലാം വിശ്വാസത്താൽ സ്വീകരിക്കുന്നതാണ്.
4. അവന്റെ മാംസം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുന്നത് ക്രൂശിൽവച്ച് അവൻ നമുക്കുവേണ്ടി ചെയ്തതിൽ വിശ്വസിച്ചുകൊണ്ട് ജീവനായും ജീവസഹായമായും അവന്റെ വീണ്ടെടുപ്പിൽ അവനെ സ്വീകരിക്കുന്നതാണ്.
5. വാക്യം 53-നെ വാക്യം 47-മായി താരതമ്യം ചെയ്യുമ്പോൾ, കർത്താവിന്റെ മാംസം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുന്നത് അവനിൽ വിശ്വസിക്കുന്നതാണെന്ന് നാം കാണുന്നു, വിശ്വസിക്കുന്നത്, അഥവാ അവനിലേക്ക് വിശ്വസിക്കുന്നത് സ്വീകരിക്കുന്നതാണ്—1:12.

   യോഹ. 6:53 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം

ഭക്ഷിക്കാതെയും അവന്റെ രക്തം പാനം ചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല.

യോഹ. 6:47 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

F. "എന്റെ മാംസം സത്യ ഭക്ഷണവും, എന്റെ രക്തം സത്യ പാനീയവും ആകുന്നു"—6:55:
 1. നാം മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരിക്കുന്നുവെങ്കിൽ നമ്മുടെ ഉള്ളിൽ നിത്യജീവൻ ഇല്ല.
 2. നാം അവനെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ നിമിത്തം നമുക്ക് ജീവൻ ഉണ്ടായിരിക്കും.

G. മുഴുവൻ വേദപുസ്തകത്തിലെയും ഏറ്റവും ശക്തവും വിചിത്രവുമായ വാക്യം യോഹന്നാൻ 6:57 ആണ്: "ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട് ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും":
 1. ഭക്ഷിക്കുകയെന്നാൽ ഭക്ഷണം നമ്മുടെ ശരീരത്തിലേക്ക് ജൈവികമായി സ്വാംശീകരിക്കപ്പെടുന്നതിന് അതിനെ നമ്മുടെ ഉള്ളിലേക്ക് എടുക്കുക എന്നാണ്.
 2. കർത്താവായ യേശുവിനെ ഭക്ഷിക്കുകയെന്നാൽ ജീവന്റെ മാർഗത്തിൽ വീണ്ടുംജനിച്ച പുതുമനുഷ്യനാൽ അവൻ സ്വാംശീകരിക്കപ്പെടേണ്ടതിന് അവനെ നമ്മിലേക്ക് സ്വീകരിക്കുക എന്നാണ്:
  a. അപ്പോൾ നാം സ്വീകരിച്ചവനായ അവനാൽ നാം ജീവിക്കുന്നു.
  b. ഇങ്ങനെയാണ് ഉയിർത്തെഴുന്നേറ്റവനായ അവൻ നമ്മിൽ ജീവിക്കുന്നത്—14:19-20.

യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

**IV. "ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു"—6:63:**

A. യോഹന്നാൻ 6-ന്റെ അവസാനഭാഗം ക്രിസ്തു ജീവൻ-നൽകുന്ന ആത്മാവും വചനവുമായിത്തീരുന്നതിനെക്കുറിച്ചുള്ള ഭാഗമാണ്.

John 6 be omitted.

B. ക്രിസ്തു ആത്മാവായതിനാൽ, നമ്മുടെ ഉള്ളിലുള്ള ആത്മാവായ അവനെ നമുക്ക് ബന്ധപ്പെടുവാൻ കഴിയും—1 കൊരി. 15:45.

1 കൊരി. 15:45 അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

C. അവൻ ജീവൻ-നൽകുന്ന ആത്മാവായതുകൊണ്ട്, നമുക്ക് അവനെ ഭക്ഷിക്കുവാനും നമ്മുടെ ഭക്ഷണമായി അവനെ സ്വാംശീകരിക്കുവാനും കഴിയും.

D. കർത്താവായ യേശുവിനെ ജീവന്റെ അപ്പമായി, നമ്മെ പോഷിപ്പിക്കുവാനുള്ള നമ്മുടെ ജീവസഹായമായി സ്വീകരിക്കുന്നതിന്, അവൻ ജീവൻ-നൽകുന്ന ആത്മാവാണെന്നും ഈ ആത്മാവ് വചനത്തിൽ ദേഹരൂപമായിരിക്കുന്നുവെന്നും നാം കാണേണ്ടതാവശ്യമാണ്—യോഹ. 6:63.

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

E. കർത്താവ് നമുക്ക് നൽകുന്നത് ജീവൻ നൽകുന്ന ആത്മാവിനെയാണ്; ഈ ആത്മാവ് പുനരുത്ഥാനത്തിലുള്ള കർത്താവു തന്നെയാണ്—1 കൊരി. 15:45.

1 കൊരി. 15:45 അങ്ങനെ, “ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു” എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

F. യോഹന്നാൻ 6:63-ൽ ആത്മാവിനുശേഷം "വചനങ്ങൾ" വരുന്നു:

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

1. ജീവൻ നൽകുന്നതിന് അവൻ ആത്മാവായിത്തീരുമെന്ന് കർത്താവ് സൂചിപ്പിച്ചു.
2. അതിനുശേഷം താൻ സംസാരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആണെന്ന് അവൻ പറഞ്ഞു; അവൻ സംസാരിച്ച വചനങ്ങൾ ജീവൻ-നൽകുന്ന ആത്മാവിന്റെ ദേഹരൂപമാണെന്ന് ഇത് സൂചിപ്പിക്കുന്നു—വാ. 63.

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

3. വചനത്തിലുള്ള ആത്മാവിനെ നാം സ്പർശിക്കുന്നില്ലെങ്കിൽ നമുക്ക് ജീവൻ സ്വീകരിക്കുവാൻ കഴിയുകയില്ല.
4. ദിവസവും നാം കർത്താവിന്റെ അടുക്കൽ വന്ന് വചനത്തിലുള്ള ആത്മാവായി അവനെ സ്പർശിക്കണം; നാം ഇത് ചെയ്യുന്നുവെങ്കിൽ, ജീവന്റെ അപ്പമായി നാം ക്രിസ്തുവിനെ ഭക്ഷിക്കും—വാ. 35.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

G. യോഹന്നാൻ 6 ജീവന്റെ വചനത്തോടുകൂടെ അവസാനിക്കുന്നു, അതാണ് ജീവന്റെ അപ്പമായ കർത്താവിനെ സ്വീകരിക്കുന്നതിനുള്ള മുഖാന്തരം—വാ. 63:

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

1. നാം വചനം സ്വീകരിക്കുന്നുവെങ്കിൽ, നമുക്ക് ആത്മാവുണ്ടായിരിക്കുകയും, നമ്മുടെ ഉള്ളിൽ നമുക്ക് ആത്മാവുണ്ടെങ്കിൽ, ജീവന്റെ ആന്തരിക സഹായമായി ക്രിസ്തു ഉണ്ടായിരിക്കുകയും ചെയ്യും.

2. നമ്മുടെ ആവശ്യം നമ്മുടെ ജീവസഹായമായി ക്രിസ്തുവാണെന്ന് നാം എല്ലാവരും മനസ്സിലാക്കട്ടെ, തുടർന്ന് വചനത്തിൽ ദേഹരൂപമായിരിക്കുന്ന ജീവൻ-നൽകുന്ന ആത്മാവായ അവനെ ദിവസവും ബന്ധപ്പെടുക.